**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 550** **10-02-2025 - ൽ മറുപടിയ്ക്ക്**

**മെഡിസെപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയ ചികിത്സാ വിഭാഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. വി. ഇബ്രാഹിം** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന ജീവനക്കാർക്കും പെൻഷൻകാർക്കുമുള്ള മെഡിസെപ്പ് പദ്ധതിയിൽ ഏതൊക്കെ ചികിത്സകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമെന്നും സർക്കാർ ആശുപത്രികളിൽ ഏതൊക്കെ ചികിത്സാ വിഭാഗങ്ങളെയാണ് ഈ പദ്ധതിൽ ഉൾപെടുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ; | (എ) | 01-07-2022 മുതൽ സംസ്ഥാന ജീവനക്കാർക്കും, പെൻഷൻകാർക്കുമായി നിലവിൽ വന്ന മെഡിസെപ്പ് പദ്ധതിയിൽ ചികിത്സ ലഭ്യമാകുന്ന പാക്കേജുകൾ, പാക്കേജ് നിരക്കുകൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ 23-06-2022 -ലെ സ.ഉ.(അച്ചടി) നം. 70/2022/ധന -യിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിന് പുറമേ പദ്ധതിയിൽ ഉൾപ്പെടാത്ത പാക്കേജുകൾ 'unspecified' പാക്കേജായി പരിഗണിച്ച് അവയ്ക്കും ക്ലെയിം അനുവദിക്കുന്നതിന് ധാരണാപത്രത്തിൽ വ്യവസ്ഥയുണ്ട്. കിടത്തി ചികിത്സാ സൗകര്യമുള്ള സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളും വിഭാഗങ്ങളും മെഡിസെപ്പ് പദ്ധതിയുടെ ഭാഗമാണ്. |
| (ബി) | ചില സ്വകാര്യ ആശുപത്രികൾ അവരുടെ പ്രധാനപ്പെട്ട ചികിത്സാവിഭാഗങ്ങളെ മെഡിസെപ്പ് പദ്ധതിയിൽ ഉൾപെടുത്താത്തതിനാൽ പ്രസ്തുത പദ്ധതിയുടെ പ്രയോജനം പൂർണ്ണമായും ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | **ശ്രദ്ധയിൽപെട്ടിട്ടുണ്ട്. സർക്കാരും ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനിയുമായി ഒപ്പുവച്ച ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം ആശുപത്രികളെ പദ്ധതിയിൽ എംപാനൽ ചെയ്യുന്നത് കമ്പനിയാണ്. മെഡിസെപ്പിൽ എംപാനൽ ചെയ്തിട്ടുള്ള എല്ലാ സ്വകാര്യ ആശുപത്രികളിലെയും പ്രധാനപ്പെട്ട എല്ലാ ചികിത്സാ വിഭാഗങ്ങളും പദ്ധതിയുടെ ഭാഗമാക്കാൻ ഇൻഷ്വറൻസ് കമ്പനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | പദ്ധതിയിൽ അംഗമായ വ്യക്തിക്ക് ഓരോ പ്രാവശ്യവും ചികിത്സയ്ക്ക് ചിലവായ തുക എത്രയെന്നും ബാക്കി തുക എത്രയാണെന്നും അറിയുന്നതിന് സംവിധാനം ഒരുക്കുമോ; വ്യക്തമാക്കുമോ? | (സി) | ഓരോ ഗുണഭോക്താവിനും സ്വന്തം അടിസ്ഥാന ഇൻഷ്വറൻസ് പരിരക്ഷാ തുക എത്രയെന്നും, ആയതിൽ നിന്നും ചികിത്സയ്ക്കായി എത്ര ചെലവായെന്നും, മിച്ചമുള്ള തുക എത്രയെന്നും എല്ലാം അറിയുന്നതിനായി മെഡിസെപ് വെബ് പോർട്ടലിൽ മെഡിസെപ് ഐ.ഡി., പെൻ/പി.പി.ഒ. നമ്പർ എന്നിവ ഉപയോഗിച്ച് ബെനിഫിഷ്യറി ലോഗിൻ ചെയ്ത് മനസ്സിലാക്കാവുന്നതാണ്. കൂടാതെ, മേൽ വിവരങ്ങൾ മെഡിസെപ് മൊബൈൽ ആപ്ലിക്കേഷനിലും ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ